**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗാർഹിക പീഡന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ ഇല്ലാതാക്കുന്നതിനും അവരുടെ സമഗ്രമായ ശാക്തീകരണം ഉറപ്പാക്കുന്നതിനുമായി ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ)സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ ഇല്ലാതാക്കുന്നതിനും അവരുടെ സമഗ്രമായ ശാക്തീകരണം ഉറപ്പാക്കുന്നതിനുമായി നിരവധി പരിപാടികളും പദ്ധതികളും വനിത ശിശു വികസന വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഗാർഹിക പീഡന നിരോധന നിയമത്തിന്റെ ഫലമായി നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ ജീവിതങ്ങളിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ടോയെന്ന പരിശോധന നടത്തിയിട്ടുണ്ടോ; ഗാർഹിക പീഡന പരാതിയുമായി എത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും തുടർപിന്തുണ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (ബി) ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. വനിതാ സംരക്ഷണ ഓഫീസർ ഗാർഹിക പീഡന പരാതിയുമായി എത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും തുടർപിന്തുണ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പരാതിക്കാരിൽനിന്നും ലഭിച്ച പരാതി അനുസരിച്ച് നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡെന്റ് റിപ്പോർട്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കുകയും പകർപ്പുകൾ പോലീസ് ഉദ്യോഗസ്ഥൻ, സർവ്വീസ് പ്രൊവൈഡർ എന്നിവർക്ക് നൽകുകയും ചെയ്യുന്നു. പരാതിക്കാരി ആവശ്യപ്പെടുന്നുവെങ്കിൽ അവർക്ക് സുരക്ഷിത ഷെൽട്ടർ ഹോം ലഭ്യമാക്കുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 77 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/ മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/ കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ /വാട്സ് ആപ്പ് sms helpline നിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമ പരാതികളിൽ കൃത്യമായ Follow up ഉം നടത്തി വരുന്നു. |
| (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ തടയുന്നതിനും അതിജീവതർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്നതിനുമായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | (സി) സ്വകാര്യ പൊതു ഇടങ്ങളിൽ അക്രമത്തിന് ഇരയായ സ്ത്രീകൾക്കും ദുരിതത്തിൽ ആയവർക്കും സംയോജിത പിന്തുണയും സഹായവും ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വൺ സ്റ്റോപ്പ് സെന്റർ. ഏപ്രിൽ 2015 ന് വൺ സ്റ്റോപ്പ് സെന്റർ പദ്ധതി പ്രാബല്യത്തിൽ വന്നു. ഈ പദ്ധതിയുടെ പൂർണ്ണ മേൽനോട്ട ചുമതല വനിതാ ശിശു വികസന വകുപ്പിനാണ്. ആവശ്യമായ സ്ത്രീകൾക്ക് വൈദ്യസഹായം, നിയമസഹായവും നിയമോപദേശവും, താൽക്കാലിക അഭയം, പോലീസ് സേവനം, സൈക്കോ സോഷ്യൽ കൗൺസിലിംഗ് എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും വൺ സ്റ്റോപ്പ് സെന്റർ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | നാളിതുവരെ 23875 സ്ത്രീകൾക്ക് സേവനം നൽകിയിട്ടുണ്ട്. നിലവിൽ 14 ജില്ലകളിലും ഒരു വൺ സ്റ്റോപ്പ് സെന്റർ വീതം പ്രവർത്തിക്കുന്നു. കൂടാതെ എറണാകുളം, കോഴിക്കോട് ജില്ലകളിൽ അഡീഷണൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അക്രമം നേരിടുന്ന സ്ത്രീകളുടെ മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഖി വൺ സ്റ്റോപ്പ് സെന്ററുകളിലെ ജീവനക്കാർക്ക് അടിസ്ഥാനപരവും നൂതനവുമായ പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | (ഡി) അക്രമം നേരിടുന്ന സ്ത്രീകളുടെ മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വൺ സ്റ്റോപ്പ് സെന്ററിലെ ജീവനക്കാർക്ക് അടിസ്ഥാനപരവും നൂതനവുമായ പരിശീലനം ഓൺലൈനായും ഓഫ് ലൈൻ ആയും നിർഭയ സെൽ മുഖേന നടത്തിവരുന്നു. കൂടാതെ വൺ സ്റ്റോപ്പ് സെന്ററുകൾക്ക് നൂതന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാതല റിവ്യൂ മീറ്റിംഗുകളും ഓൺലൈനായി കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. നിർഭയ സെൽ മുഖേന ഫിസിക്കൽ പരിശീലന പരിപാടികൾ നടത്തിയതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

ഗാർഹിക അതിക്രമത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്ന നിയമം, 2005 പ്രകാരം ഗാർഹിക അതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലും ഓരോ വനിത സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യ സഹായം, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്കരണം, സൗജന്യ കൗൺസിലിംഗ് സേവനങ്ങൾ, Domestic Incident Report (DIR) തയ്യാറാക്കി അതത് ജില്ലയുടെ കോടതിയിൽ സമർപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ വനിത സംരക്ഷണമാഫീസർമാർ നൽകി വരുന്നു.

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യ സഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ്, സൗജന്യ ഭക്ഷണം, താമസം, തൊഴിൽ അധിഷ്ഠിത പരിശീലനം കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി 77 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും 14 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു.

രക്ഷിതാക്കളുടെ ഇടയിലുണ്ടാകുന്ന അസ്വാരസ്യങ്ങൾ കുട്ടികളിലുണ്ടാക്കുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കി, അവരോടൊപ്പം നിന്ന് അവർക്കാവശ്യമായ മാനസ്സിക പിന്തുണ നൽകി അവർക്ക് കരുത്ത് പകരുവാൻ സംസ്ഥാനത്തെ 1012 സർക്കാർ സ്കൂളുകളിൽ വനിതാ ശിശു വികസന വകുപ്പ് മുഖാന്തിരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരെ വിദഗ്ധ കൗൺസിലിംഗ് നൽകി പ്രാപ്തരാക്കുന്നതിലേക്കുള്ള പരിശീലന പദ്ധതിയായ സാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ഗാർഹിക അതിക്രമങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കുന്നതിനും ജെൻഡർ സെൻസിറ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും പ്രീ മാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് സഹായകരമാകമെന്നതിനാൽ വനിത ശിശു വികസന വകപ്പിനു കീഴിലുള്ള പരിശീലനം ലഭിച്ച കൗൺസിലർമാരുടെ നേതൃത്വത്തിൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 100 ബ്ലോക്കുകളിൽ ഗ്രൂപ്പ് കൗൺസിലിംഗ് നടത്തുകയുണ്ടായി. തുടർന്നും പ്രീ മാരിറ്റൽ/ മാരിറ്റൽ കൗൺസിലിംഗ് സംവിധാനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി വിവിധ പദ്ധതികളും നിയമങ്ങളും നടപ്പാക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളും ലിംഗവിവേചനവും തടയുന്നതിന് ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങൾ ഇത്തരം അതിക്രമങ്ങൾ തടയുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർ നേരിടുന്ന ലിംഗ വിവേചനങ്ങൾക്കെതിരെയും ORANGE THE WORLD CAMPAIGN എന്ന പേരിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ നവംബർ 25 മുതൽ ഡിസംബർ 10 വരെ എല്ലാ വർഷവും രണ്ടാഴ്ചത്തെ കാമ്പയിൻ നടത്തിവരുന്നു.

അതിക്രമത്തിന് ഇരയാകുന്ന ആരും തന്നെ ഉണ്ടാകാൻ പാടില്ല എന്ന സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് ജനപ്രതിനിധികൾ, വിവിധ യൂണിയൻ നേതാക്കൾ, കോളേജ് സ്കൂൾ വിദ്യാർത്ഥികൾ, യുവാക്കൾ, സാമൂഹ്യ പ്രവർത്തകർ, വിവിധ വകുപ്പ് മേധാവികൾ പൊതുജനങ്ങൾ, ടി മേഖലയിൽ പ്രവർത്തിക്കുന്ന എൻ ജി ഒ കൾ, സ്ത്രീ സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നത്.

സ്ത്രീധന പീഡനങ്ങൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിത ശിശുവികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിത ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള സ്ത്രീധന നിരോധന ചട്ടങ്ങൾ 2004 ഖണ്ഡം 6 ഉപഖണ്ഡം (IV) കേരള നിരോധന ഭേദഗതി ചട്ടങ്ങൾ 2021 ഖണ്ഡം 2 ഉപഖണ്ഡം (1) പ്രകാരം ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

സമീപ കാലങ്ങളിൽ വർദ്ധിച്ചു വരുന്ന സ്ത്രീധന/ ഗാർഹിക പീഡനങ്ങൾ ഇവയെ തുടർന്നുണ്ടാവുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവക്കെതിരെ വ്യാപക പ്രചാരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള പോസ്റ്ററുകളും, ചെയ്ത വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക ലൈംഗിക സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺ ലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി.

ബഹു മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം കനൽ കർമ്മ പദ്ധതി വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സമൂഹത്തിൽ ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഗാർഹിക ലൈംഗിക സ്ത്രീധന പീഡനങ്ങളെ പറ്റിയും അയതുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ നിയമ പരിരക്ഷയെ കുറിച്ച് അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുന്നതിനുമായി അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, വേണ്ട

സഹായം ലഭ്യമാക്കുവാനും ശിശു വികസന പദ്ധതി ഓഫീസർക്കും ICDS സൂപ്പർവൈസർക്കും നിർദ്ദേശം നൽകി.

കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് (വി.എച്ച്.എസ്.ഇ വിഭാഗം) നാഷണൽ സർവീസ് സ്കീം വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് സ്ത്രീധനത്തിനും ചൂഷണങ്ങൾക്കുമെതിരെ കൗമാര വിദ്യാർത്ഥികളെ ഏകോപിപ്പിച്ചുകൊണ്ട് 2021-22 അദ്ധ്യായന വർഷം മുതൽ സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ 'സമജീവനം' എന്ന പേരിൽ ക്യാമ്പയിൻ നടത്തിവരുന്നു. NSS ക്യാമ്പുകളിൽ വർത്തമാന കാലത്തെ ഏറ്റവും വലിയ സാമൂഹിക ദുരാചാരമായ സ്ത്രീധന സമ്പ്രദായത്തിനും, ലിംഗഭേദ വിവേചനങ്ങൾക്കും, ചൂഷണങ്ങൾക്കുമെതിരെ കൗമാര വിദ്യാർത്ഥികളെ ബോധവാൻമാരാക്കി അവരിലൂടെ ഭവന സന്ദർശന സന്ദേശ പ്രചാരണങ്ങൾ സംഘടിപ്പിച്ച് വിഷയത്തിൽ ജനശ്രദ്ധ ക്ഷണിക്കുവാൻ ലക്ഷ്യമിട്ട് കൊണ്ടുള്ള സമജീവനം രണ്ടാം ഘട്ട പരിപാടിയായ 'തുല്യം' പദ്ധതി 341 വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി 14 ജില്ലകളിലെ 341 ഗ്രാമങ്ങളിൽ ലിംഗഭേദ വിവേചനം, സ്ത്രീധനമെന്ന ദുരാചാരം, സ്ത്രീ ചൂഷണം തുടങ്ങിയവയെ ആധാരമാക്കി പൊതു ഇടങ്ങളിൽ സമത്വ ജ്വാല തെളിയിക്കൽ, വിദ്യാർത്ഥികൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി ഒരുക്കിയ തെരുവ് നാടകം, മൈം, ജാഗ്രതാ സ്റ്റിക്കറുകൾ, പൊതു വാഹനങ്ങളിലും, പഞ്ചായത്തിലെ വീടുകൾ സന്ദർശിച്ച് ഫീൽഡ് ലെവൽ ജെൻഡർ ഇക്വാളിറ്റി ആഡിറ്റ്, ക്യാമ്പുകളിൽ ജൻഡർ പാർലമെന്റുകൾ, സെമിനാറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം -2

| ക്രമ നമ്പർ | തീയതി | പങ്കെടുത്ത ജീവനക്കാർ |
|---|---|---|
| 1 | 13.07.2022 | സെന്റർ അഡ്മിനിസ്ട്രേറ്റർ, കേസ് വർക്കർ, സൈക്കോ സോഷ്യൽ കൗൺസിലർ |
| 2 | 18.07.2022 മുതൽ 20.07.2022 വരെ | കേസ് വർക്കർ, സൈക്കോ സോഷ്യൽ കൗൺസിലർ, ഓഫീസ് അസിസ്റ്റന്റ്/ ഐ ടി സ്റ്റാഫ്, ലോയർ |
| 3 | 21.07.2022 മുതൽ 23.07.2022 വരെ | മൾട്ടിപർപ്പസ് സ്റ്റാഫ്, സെക്യൂരിറ്റി ഗാർഡ് |
| 4 | 26.07.2022 | വനിത സംരക്ഷണ ഓഫീസർ, പോലീസ് ഫെസിലിറ്റേഷൻ ഓഫീസർ |
| 5 | 14.11.2023 | സെന്റർ അഡ്മിനിസ്ട്രേറ്റർ, കേസ് വർക്കർ |
| 6 | 15.11.2023 | സൈക്കോ സോഷ്യൽ കൗൺസിലർ, ഓഫീസ് അസിസ്റ്റന്റ്/ ഐ ടി സ്റ്റാഫ്, ലോയർ |
| 7 | 16.11.2023 | മൾട്ടിപർപ്പസ് സ്റ്റാഫ്, സെക്യൂരിറ്റി ഗാർഡ് |
| 8 | 14.03.2025 | സെന്റർ അഡ്മിനിസ്ട്രേറ്റർ, കേസ് വർക്കർ, സൈക്കോ സോഷ്യൽ കൗൺസിലർ, ലോയർ |
| 9 | 15.03.2025 | സെന്റർ അഡ്മിനിസ്ട്രേറ്റർ, കേസ് വർക്കർ, സൈക്കോ സോഷ്യൽ കൗൺസിലർ, ലോയർ |

സെക്ഷൻ ഓഫീസർ